ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ

60 (4001) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട പല ഗസ്റ്റ് ഹൗസുകളും വാസയോഗ്യമല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ അടുത്ത കാലത്ത് നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉടൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

ഗസ്റ്റ് ഹൗസുകളുടെ വാടക നിരക്ക്

61 (4002) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗസ്റ്റ് ഹൗസുകളിലെ റൂമുകളുടെ നിലവിലുള്ള വാടക നിരക്ക് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് സൗജന്യ നിരക്ക് അനുവദിച്ചിട്ടുള്ളത് ;

(സി) വാടക നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) സൗജന്യനിരക്ക് അനുവദിച്ച വിഭാഗക്കാരുടെ പട്ടിക ഉൾപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

(സി) തൽക്കാലം ഉദ്ദേശമില്ല.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം മെച്ചമാക്കാൻ നടപടി

62 (4003) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നവീകരണത്തിന് സർക്കാർ ഏർപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ ഉള്ളടക്കം വെളിപ്പെടുത്തുമോ ;

(ഇ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം പുനരവലോകനം ചെയ്യുവാനും നവീകരിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ബോട്ടു ജെട്ടികൾ, പേ & യൂസ് ടോയിലറ്റുകൾ എന്നിവയുടെ നിർമ്മാണം, കായലുകളിലും മറ്റും ബോട്ടിംഗ് സൗകര്യങ്ങളൊരുക്കുക, ടൂറിസം ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുക, പ്രാദേശിക പ്രാധാന്യമുള്ള കലാ-സാംസ്ക്കാരിക പരിപാടികൾ പരിപോഷിപ്പിക്കുക തുടങ്ങിവയാണ് ഡി.ടി.പി.സി.-യുടെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്ക് വിധേയമായി ഡി.ടി.പി.സി. സമർപ്പിക്കുന്ന വിവിധ പ്രോജക്ടുകൾക്കും ടൂറിസം ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും ധനസഹായം നൽകിവരുന്നു.

(സി) ഉണ്ട്.

(ഡി) ഉള്ളടക്കം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) സ്വീകരിക്കാവുന്നതാണ്.

ടൂറിസം വകുപ്പിലെ ഗാർഡനർ തസ്തിക

63 (4004) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസം വകുപ്പിലെ ഗാർഡനർ തസ്തിക ഉൾപ്പെടെയുള്ള നിയമനങ്ങൾ വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ച സ്വകാര്യ ഏജൻസികൾക്ക് കോൺട്രാക്ട് നൽകാനായി എടുത്ത തീരുമാനം പിൻവലിക്കാമെന്ന് ടൂറിസം സെക്രട്ടറി സർവ്വീസ് സംഘടനാ പ്രതിനിധികൾക്ക് നൽകിയ ഉറപ്പ് പാലിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ടൂറിസം വകുപ്പിലെ ഗാർഡനർ തസ്തിക മാത്രമാണ് വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സർവ്വീസ് സംഘടനാ നേതാക്കളുമായി നടന്ന ചർച്ചയിൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കാമെന്ന് പറഞ്ഞിരുന്നതനുസരിച്ച് പുനഃപരിശോധന നടത്തിയെങ്കിലും സർക്കാർ ഉത്തരവിൽ മാറ്റമൊന്നും വരുത്തേണ്ടതില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly